LIBRARY ARCHIVES Kerala Legislative Assembly

നെടുങ്ങോലം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സൗകര്യങ്ങൾ ലഭ്യമാക്കൽ

114 [936] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയ നെടുങ്ങോലം ഗവൺമെന്റ് താമരാവു ആശുപത്രിക്ക് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പദവിയിലുള്ള സൗകര്യങ്ങൾ ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) യൂറോപ്യൻ കമ്മീഷന്റെ ധനസഹായത്തോടുകൂടി കൊല്ലം ജില്ലയിൽ നടപ്പാക്കിവരുന്ന എല്ലാ പദ്ധതികൾക്കും കൂടി ആവശ്യമായി വരുന്ന തുക ഘട്ടം ഘട്ടമായി മാത്രമേ കേന്ദ്രസർക്കാർ അനുവദിക്കാറുള്ളൂ എന്നതിനാൽ വിവിധ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്.

(ബി) 20-3-2003-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 846/03/ആകുവ. പ്രകാരം ഈ ആശുപത്രിയെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുകയും അതിനാവശ്യമായി വരുന്ന തസ്തികകൾ പുനർവിന്യാസം വഴി നികത്തുവാനും ഉത്തരവു പുറപ്പെടുവിച്ചിരുന്നു. എന്നാൽ അപ്രതീക്ഷിത കാരണത്താൽ ഇതിന് കാലതാമസം നേരിട്ടു. പുനർവിന്യാസം വഴി ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനും യൂറോപ്യൻ കമ്മീഷന്റെ ധനസഹായത്തോടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വടക്കാഞ്ചേരി മണ്ഡലത്തിലെ എരുമപ്പെട്ടി പി.എച്ച്. സെന്റർ

115 [937] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ എരുമപ്പെട്ടി പി.എച്ച്. സെന്ററിന്റെ പോരായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പി.എച്ച്.സി.-യിൽ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിട്ടും ഇപ്പോൾ കിടത്തി ചികിത്സിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) എത്രപേരെ കിടത്തി ചികിത്സിക്കാൻ ഉള്ള സൗകര്യം ഇപ്പോൾ ഇവിടെ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) പി.എച്ച്.സി.-യിൽ ആവശ്യമായ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കാൻ നടപടി സ്വീകരിക്കുമോ?